## തൈക്കാട് വാർഡ്- 4

1. തൈക്കാട് വാർഡിലെ കാവ് സംരക്ഷിക്കുകയും കാവിനടുത്തുള്ള കുളം കെട്ടി സംരക്ഷിച്ച് മത്സ്യകൃഷിയ്ക്കനുയോജ്യമാക്കി ഉപയോഗപ്പെടുത്തണം.
2. മൂളയം തോട്, പിരപ്പൻകോട്, തൈക്കാട് തോട് (സൈഡ് വാൾ) അതിര് കെട്ടി സംരക്ഷിക്കണം. തോടുകളിൽ തടയണകൾ നിർമ്മിച്ച് നീരൊഴുക്ക് സംരക്ഷിക്കണം.
3. തൈക്കാട് സ്കൂൾ പരിസരം കോണ്ടൂർ ബണ്ടുകൾ നിർമ്മിക്കണം, മഴക്കുഴികൾ നിർമ്മിച്ച് ജല സംരക്ഷണം നടത്തണം അവിടെ അനുയോജ്യമായ രീതിയിലുള്ള കൃഷികൾ നടത്തണം.
4. വേലാംകോണം പഞ്ചായത്ത് ഭൂമിയിൽ ചിറ നിർമ്മിച്ച് ജല സംരക്ഷണം നടത്തണം.
5. കൂൺകൃഷി, ഓർണമെന്റ്സ് നിർമ്മാണ യൂണിറ്റ്.

**കോളനികൾ**

1. മുളംങ്കുന്ന് ലക്ഷംവീട് കോളനി
2. മുളംങ്കുന്ന് കോളനി
3. ആളുമാനൂർ വാറ്റുവിളാകം കോളനി

**സ്ഥാപനങ്ങൾ**

1. H.S.S പിരപ്പൻകോട്
2. St. ജോൺസ് ആശുപത്രി

**പ്രശ്നങ്ങൾ**

**വർത്തൂർകോന്തം കുളം** 10 ലക്ഷം രൂപ വേണം

1. കാർഷിക ആവശ്യത്തിനും മത്സ്യകൃഷിക്കും പറ്റിയ കുളമാണ്
2. റോഡിൽ നിന്ന് ഓടകൾ വഴി വരുന്ന വെള്ളവും മണലും വന്നിറങ്ങി കുളം നികരാതെ സംരക്ഷിക്കണം
3. കുളത്തിന്റെ നാലു ഭാഗത്തുമുള്ള ബണ്ട് ഉയർത്തി സംരക്ഷിക്കണം
4. കുളത്തിൽ നിന്നും താഴോട്ടുള്ള തോട് വൃത്തിയാക്കി സൈഡ് കെട്ടി സംരക്ഷിച്ച് 150 ഏക്കറോളം കൃഷി ഭൂമി കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും

**മാമ്പഴമാം കുളം** 3 ലക്ഷം രൂപ വേണം

1. സംരക്ഷിച്ചെടുത്ത് മത്സ്യകൃഷിക്കും കൃഷിക്കും ഉപയോഗിക്കാൻ സാധ്യതയുള്ള കുളമാണ്
2. നിലവിൽ കുളത്തിന്റെ പകുതി ഭാഗം നികന്നു കിടക്കുന്നത്

മണ്ണ് മാറ്റി വിസ്തൃതി കൂട്ടിയെടുക്കണം

3. ഈ കുളത്തിൽ നിന്നും വെള്ളം താഴോട്ടൊഴുകി തൈക്കാട് വലിയ തോട്ടിൽ ചേരുന്നുണ്ട്.

<u>**കോളനി**</u>

1. <u>**ലക്ഷം വീട് കോളനി**</u>

- ലക്ഷം വീട് കോളനിയിലെ പൊതുകിണറുകൾ വൃത്തിയാക്കി എല്ലാ വീടുകളിലും ശുദ്ധജലം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം
- ലക്ഷം വീട് കോളനി സ്ഥിതി ചെയ്യുന്ന സ്ഥലം ചരിഞ്ഞ ഭൂമിയായതിനാൽ മഴക്കുഴി നിർമ്മിച്ച് ജലസംരക്ഷണം ഉറപ്പ് വരുത്തണം. മണ്ണൊലിപ്പ് തടയുന്നതിന് ബണ്ടുകൾ നിർമ്മിക്കണം

2. <u>**മുളക്കുന്ന് SC കോളനി**</u>

- കുടിവെള്ളത്തിന് ബുദ്ധിമുട്ടുള്ള സ്ഥലമാണ് ഇത്. മഴക്കുഴി നിർമ്മിച്ച് മഴവെള്ളം തടഞ്ഞു നിർത്തി നിലവിലുള്ള കിണറുകളിൽ ജലം എത്തിക്കാൻ കഴിയണം
- കുത്തനെയുള്ള പ്രദേശമായതിനാൽ ബണ്ടുകൾ നിർമ്മിച്ച് മണ്ണും ജലവും സംരക്ഷിക്കണം

3. <u>**വാറുവിളാകം SC കോളനി**</u>

- കിണർ സംരക്ഷിച്ചെടുത്താൽ കുടിവെള്ളം ലഭ്യമാക്കാൻ കഴിയും

4. <u>**ക്രിസ്ത്യൻ കോർട്ടേഴ്സ്**</u>

- പൊതുകിണർ സംരക്ഷിച്ച് 75 ഓളം വീടുകൾക്ക് ശുദ്ധജലം എത്തിക്കുവാൻ കഴിയും.

<u>**സ്ഥാപനങ്ങൾ**</u>

1. <u>തൈക്കാട് St. ജോസഫ് ആശുപത്രി</u>

തൈക്കാട് St. ജോസഫ് ആശുപത്രിയിൽ 18 ഏക്കർ പുരയിടമുണ്ട്. കെട്ടിടങ്ങൾ കഴിഞ്ഞാൽ ബാക്കി സ്ഥലങ്ങളിൽ ഔഷധകൃഷിയും പച്ചക്കറി കൃഷിയും വ്യാപകമായി നടത്തുവാൻ കഴിയും. ഈ സ്ഥാപനത്തിന് ഇത്തരം പ്രവർത്തനങ്ങൾക്ക് പൂർണ്ണമായ സഹകരണം ഉറപ്പുവരുത്താൻ കഴിയണം.

2. <u>പിരപ്പൻകോട് ഹയർസെക്കന്ററി സ്കൂൾ</u>

- 8 ഏക്കർ പുരയിടത്തിലുള്ള സ്കൂളാണിത്. വൃക്ഷതൈകൾ ധാരാളമായി വച്ച് പിടിപ്പിക്കുവാൻ പറ്റിയ സ്ഥലമാണ്.

- കിഴക്കോട്ട് ചരിഞ്ഞ ഭൂമിയായതുകൊണ്ട് മഴക്കുഴികൾ ധാരാളമായി നിർമ്മിക്കേണ്ടതുണ്ട്.
- ആവശ്യമുള്ളിടത്ത് മൺ ബണ്ടുകൾ നിർമ്മിക്കേണ്ടതുണ്ട്.
- സ്കൂളിലം കിണർ വൃത്തിയാക്കി 2500 ഓളം കുട്ടികൾക്ക് ശുദ്ധജലം എത്തിക്കുവാൻ കഴിയണം

**സ്വകാര്യഭൂമി**

1. വാഴകൃഷിയും തെങ്ങുകൃഷിയും ധാരാളമുള്ള പ്രദേശമാണ്. സ്വകാര്യ ഭൂമിയിൽ വാഴകൃഷിയും തെങ്ങുകൃഷിയും നല്ല രീതിയിൽ നടത്തുവാൻ കഴിയും. ആയതിലേക്ക് വേണ്ട പദ്ധതികൾ നടപ്പിലാക്കാൻ കഴിയും
2. MC റോഡിൽ നിന്നും പാലവിള ഭാഗത്ത് തോടിലൂടെ വെള്ളമൊഴുകി പാഴായി പോകുന്നു. ആവശ്യമുള്ളിടത്ത് ബണ്ടുകൾ നിർമ്മിച്ച് ജലം സംരക്ഷിക്കാം

# കുതിരക്കുളം വാർഡ്- 6

**നീർത്തട അയൽക്കൂട്ടങ്ങൾ**

ആകെ അയൽക്കൂട്ടങ്ങൾ - 12

**നീർത്തട അയൽക്കൂട്ട പ്രശ്നങ്ങൾ**

**തോടുകൾ**

**ഉദിയൻകോട്- ഇടനാട് തോട് (ഫണ്ടുകൾ കണ്ടുപിടിക്കണം)**

1. വശങ്ങൾ ബലപ്പെടുത്തുന്നതിന് ജൈവപ്രവൃത്തികൾ നടപ്പിലാക്കുക.
2. ദുർബലമായ വശങ്ങളിൽ കരിങ്കല്ല് ഭിത്തി നിർമ്മിക്കുക
3. നീരൊഴുക്ക്വിള- ഇടനാട്
4. കുറ്റിക്കാട്ടുകോണം- മുട്ടുകോണം

**കുളങ്ങൾ**

1. കുതിരക്കുളം അമ്പലക്കുളം, പൊതുകിണറുകൾ (5 എണ്ണം) വശങ്ങൾ കരിങ്കല്ല് കെട്ടി സംരക്ഷിക്കുക

**കോളനികൾ**

1. കരിക്കകം
2. കമുകിൻ കുഴി ലക്ഷം വീട് കോളനി
3. വാദ്ധ്യാരുകോണം

**സ്ഥാപനങ്ങൾ**

അംഗൻവാടികൾ - 2

കുടിവെള്ളത്തിനുള്ള പരിപാടി

**പ്രദേശത്തിന്റെ പ്രശ്നങ്ങൾ**

പദ്ധതി പ്രദേശത്തെ മുഴുവൻ പുരയിടങ്ങളിലെയും മണ്ണ് ജല പരിപോഷണ പരിപാടികൾ

1. കാർഷിക പ്രവർത്തനങ്ങൾ : തട്ട് തിരിക്കൽ, മഴക്കുഴി, തെങ്ങിന് തടം
2. മൃഗസംരക്ഷണം, കോഴി വളർത്തൽ
3. തേനീച്ച വളർത്തൽ

**എൻട്രി പോയിന്റ് പ്രവർത്തനം**

1. കുതിരക്കുളം ക്ഷേത്രക്കുളം വശങ്ങൾ കെട്ടി ശരിപ്പെടുത്തി മത്സ്യകൃഷി ആരംഭിക്കുക.

## തലയൽ വാർഡ്- 7

1. തലയൽ തോടിന്റെ ആദ്യം മുതൽ അവസാനം വരെ. മദപുരം മുതൽ ഓവിൻ മുഖം വരെയുള്ള തോടിന്റെ ഇരുവശവും സൈഡ് വാൾ കെട്ടി മണ്ണിടിച്ചിൽ തടയുക.
2. 100 മീറ്റർ ഇടവിട്ട് തടയണകൾ നിർമ്മിച്ച് വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുക.
3. മദപുരം മുതൽ SC കോളനികൾക്കും ജനസഞ്ചാരമുള്ളയിടത്തും നടപ്പാലങ്ങൾ നിർമ്മിക്കുക.
4. കൃഷി ആവശ്യങ്ങൾക്കായി നൂറേക്കർ മുതൽ ഈന്തിമുകൾ വരെയുള്ള ബണ്ട് റോഡ് ഗതാഗതയോഗ്യമാക്കുക.
5. വേടത്തിക്കുന്ന്, പുത്തൻകോണം SC കോളനികൾ ചരിഞ്ഞ പ്രദേശമായതിനാൽ കോണ്ടൂർ ബണ്ടുകൾ കെട്ടി സംരക്ഷിക്കുകയും കുടിവെള്ളക്ഷാമം പരിഹരിക്കുകയും ചെയ്യുക.
6. കല്ല്പാലം മുതൽ അംഗൻവാടി നട വരെയുള്ള റോഡിന്റെ സൈഡ് കെട്ടി സംരക്ഷിക്കുക.
7. തെങ്ങ് കൃഷി, വാഴ കൃഷി, കോഴി കൃഷി, മത്സ്യ കൃഷി എന്നിവ ചെയ്യുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കുക.
8. കോലിഞ്ചി പ്രദേശത്തെ പഞ്ചായത്ത് ചിറ വെള്ളയോഗ്യമാക്കി പരിസരപ്രദേശത്തെ ജല ദൗർലഭ്യം പരിഹരിക്കുക.
9. കോളനികളിലെ പാവപ്പെട്ടവർക്ക് ജീവനോപാധിയായി കോഴി, പശു, ആട് എന്നിവ നൽകുന്നതിന് വേണ്ടി മുൻകൈയ്യെടുക്കുക
10. പച്ചക്കറി നഴ്സറി, ചെടി നഴ്സറി എന്നിവയ്ക്ക് തുടക്കം കുറിക്കുക.
11. കോവിൽവിള പഞ്ചായത്ത് വക 80 സെന്റ് പുറമ്പോക്ക് ചിറ വൃത്തിയാക്കി കൃഷിക്ക് അനുയോജ്യമാക്കുക. അവിടെ മത്സ്യകൃഷിക്ക് അനുയോജ്യമാണ്.
12. മുൻകാലത്ത് പഞ്ചായത്ത് നടപ്പിലാക്കിയ രണ്ട് കുളങ്ങൾ (തലയൽ പ്രദേശം) വൃത്തിയാക്കി കുടിവെള്ള ക്ഷാമം പരിഹരിക്കുക.
13. ആയക്കാട് പ്രദേശത്തെ മണ്ണൊലിപ്പ് തടയുന്നതിനു വേണ്ടി തടയണ കെട്ടി മണ്ണൊലിപ്പ് തടയുക.
14. മുക്കാലയിൽ നിന്ന് രണ്ട് റോഡ് വഴി ഒഴുകിവരുന്ന മഴവെള്ളം തടഞ്ഞ് നിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.
15. വെള്ളം സംരക്ഷിക്കുന്നതിന് വേണ്ടി മഴക്കുഴികൾ നിർമ്മിക്കുക.
16. തലയൽ പ്രദേശത്തെ തെങ്ങുകൾക്ക് തടമെടുക്കുകയും ഇടവിളകൃഷിക്ക് പ്രോത്സാഹനം കൊടുക്കുകയും ചെയ്യുക

## കൊപ്പം വാർഡ് –12

### തോട്

1. പുന്നപുരം കഞ്ഞിക്കുടി കടവിൽ തലക്കൽ തോടിന്റെ അരികിലായി നിർമ്മിച്ച ട്രാക്ടർ റോഡിൽ നബാർഡ് വർക്കു ചെയ്തതിന്റെ ബാക്കിഭാഗം പാർശ്വഭിത്തി കെട്ടി തോട് മാലിന്യ വിമുക്തമാക്കുക.
2. കുഞ്ചിക്കുടി ചിറയിൽ പമ്പ് സെറ്റ് സ്ഥാപിച്ച് വെള്ളം കാർഷിക ആവശ്യ ങ്ങൾക്ക് വിനിയോഗിക്കുവാൻ പര്യാപ്തമാക്കുക.
3. കൽക്കുടി തോട് പാർശ്വഭിത്തി കെട്ടി ഇരുവശങ്ങളിലും കൈത, മുള എന്നിവ വച്ച് പിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക.
4. ഇടപ്പൻകോട്ടു നിന്നും കൽക്കുടി തോട്ടിലേയ്ക്കുള്ള മണ്ണൊലിപ്പ് തടയാൻ ബണ്ട് നിർമ്മിക്കുക.
5. കൽക്കുടി മവിന്ന തോടിനു കുറുകെ നടപ്പാലം നിർമ്മിക്കുക.
6. മവിന്ന തോടിന്റെ ഇരു വശവും കെട്ടി മണ്ണാലിപ്പ് തടയുക.

### കുളം

കൂവക്കാട്, മേലേകൻക്കുടി സ്വകാര്യകുളങ്ങൾ കെട്ടി പൊതു ആവശ്യ ങ്ങൾക്ക് സംരക്ഷിക്കുക. മാറാംകുടി കുളം പൊതുജനങ്ങൾ വളരെയധികം ആശ്രയിക്കുന്നതാണ്. അതും കല്ല് കെട്ടി സംരക്ഷിച്ച് പൊതു ആവശ്യ ങ്ങൾക്ക് വിനിയോഗിക്കുക.

### മണ്ണൊലിപ്പ്

തണ്ണിക്കര മുഗൾ കടവിൽ തലേൺ പ്രദേശത്ത് മണ്ണൊലിപ്പ് തടയുന്നതിന് കോണ്ടൂർ ട്ര സ്ഥാപിക്കണ്. കുഞ്ചിക്കുടി, ചിറത്തലയ്ക്കൽ കോളനി എന്നി വിടങ്ങളിലെ മഴവെള്ളപ്പാച്ചിലും മണ്ണൊലിപ്പും തടയുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക.

### ജീവനോപാധികൾ

ഇഞ്ചികൃഷി, മഞ്ഞൾകൃഷി, ഇടവിള കൃഷി, കോഴി വളർത്തൽ, ആടുവ ളർത്തൽ, പശു വളർത്തൽ.

### പൊതുസ്ഥാപനം

മാങ്കുഴി ശിശുമന്ദിരത്തിന് ചുറ്റുമുള്ള സ്ഥലത്ത് പച്ചക്കറി, വാഴ എന്നിവ കൃഷി ചെയ്യാം.

## അണ്ണൽ വാർഡ്- 13

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

ജീവനോപാധിക്കുള്ള പ്രവർത്തനങ്ങൾ

വരുമാനദായക പ്രവർത്തനങ്ങൾ

1. മുട്ടക്കോഴി വളർത്തൽ, ആട് വളർത്തൽ, കൂൺ കൃഷി, അലങ്കാര പുഷ്പങ്ങൾ, തയ്യൽ യൂണിറ്റ്, പശു വളർത്തൽ, ചെടി നഴ്സറി, പച്ചക്കറി കൃഷി, കുറ്റിമുല്ല കൃഷി, സോപ്പ് നിർമ്മാണം, ജൈവവളം, ഔഷധച്ചെടി കൃഷി, തേനീച്ച വളർത്തൽ
2. കല്ല് അടുക്കി മഴക്കുഴി, ബണ്ട് നിർമ്മാണം
3. ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക
4. ചരിഞ്ഞ പ്രദേശമായതിനാൽ മഴവെള്ളം ഒഴുകി വരുന്ന സ്ഥലത്ത് കോണ്ടൂർ ബണ്ട് കെട്ടി സംരക്ഷിക്കുക
5. തെങ്ങിന് തടം
6. ഇടവിള കൃഷി, വാഴ കൃഷി എന്നിവ നടപ്പിലാക്കുക
7. കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക

## പ്ലാക്കീഴ്‌വാർഡ്-14

**മഠത്തിൽവിള നീർത്തടം**

1. കുളം നിർമ്മാണം
2. മഠത്തിൽവിള പ്ലാക്കീഴ് നടപ്പാലം നിർമ്മിക്കൽ
3. മത്തനാട് പാലത്തിനടുത്ത് തടയണ കെട്ടണം

   50 ഏക്കറോളം വാഴ കൃഷി ഉൾപ്പെടുന്ന പ്രദേശമാണ്. മറ്റു കൃഷികളും ഉൾപ്പെടുന്ന മേഖലയാണ്.
4. തോട് സംരക്ഷണം മത്തനാട് (മുള കൈത ഉപയോഗിച്ച്)
5. തരിശ് ഭൂമിയിൽ കൃഷി ചെയ്യുവാൻ
6. 50 ഏക്കറോളം കൃഷി ചെയ്യുന്ന സ്ഥലത്ത് ഒരു നടപ്പാത നിർമ്മിക്കണം. ഒരുപാട് ചുറ്റിയാണ് കൃഷിക്കുള്ള സാധനങ്ങൾ കൊണ്ടു വരുന്നത്. അതിനാൽ നിർബന്ധമായും ചുമട് കൊണ്ടു വരുന്നതിനായി ഒരു ചെറിയ നടപ്പാത ഉണ്ടാക്കണം.
7. അത്തനാട് പാലത്തിനടുത്ത് നല്ല രീതിയിൽ തടയണ ഉണ്ടായിരുന്നു. അത് ഇപ്പോൾ ഉപയോഗയോഗ്യമല്ലാത്തതിനാൽ ഒരു തടയണ അത്യാശ്യമാണ്.

**കുടിവെള്ളം രൂക്ഷമായ പ്രദേശങ്ങൾ**

കുന്നുമുകൾ- മഠത്തിൽവിള കുന്നുമുകൾ മണ്ണൊലിപ്പ് പ്രദേശമാണ്.

താഴെമഠം കുളം പുനരുദ്ധാരണം.

**വരുമാനദായക പ്രവർത്തനങ്ങൾ**

ആടുവളർത്തൽ, പശു വളർത്തൽ, മുട്ടക്കോഴി വളർത്തൽ, കൂൺകൃഷി, കുറ്റിമുല്ലകൃഷി, തയ്യൽ യൂണിറ്റ്, പച്ചക്കറി കൃഷി, തേനീച്ച വളർത്തൽ, സോപ്പ് നിർമ്മാണം, ജൈവവളം, കല്ല് അടുക്കി മഴക്കുഴി നിർമ്മാണം, ഫല വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ. ചരിഞ്ഞ പ്രദേശം ആയതിനാൽ മഴവെള്ളം ഒഴുകി വരുന്ന പ്രദേശത്ത് കോണ്ടൂർ ബണ്ട് കെട്ടി സംരക്ഷിക്കുക.

കുടുംബശ്രീയിൽ അഗമായവരുടെ മക്കൾക്ക് കമ്പ്യൂട്ടർ പഠനം.